തെരുവു വിളക്കുകൾ യഥാസമയം കത്തിക്കാൻ നടപടി

50 [2800] *ശ്രീ. വി. കെ. ചന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് ജീവനക്കാരുടെ സേവനം കൃത്യമായി ലഭിക്കാത്തതുമൂലം തെരുവു വിളക്കുകൾ യഥാസമയം കത്തിക്കാൻ കഴിയുന്നില്ല എന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുന്നതിന് ഗവൺമെന്റ് സത്വരനടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) & (ബി) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വൈദ്യുതി ബോർഡിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ

51 [2801] *ശ്രീ. കെ. പി. രാജേന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ബോർഡിൽ എത്ര ചീഫ് എഞ്ചിനീയർമാരും എത്ര ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ബോർഡിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെയാണ്; ഈ ഓരോ തസ്തികയിലും എത്രപേർ വീതം ഉണ്ട്;

(സി) ഓരോ തസ്തികയിലും ഇന്നു ജോലിചെയ്യുന്നവർ എത്രയാണ്; ഓരോ തസ്തികയിലും ഒഴിഞ്ഞുകിടക്കുന്നത് എത്രയാണ്;

(ഡി) കരാർ അടിസ്ഥാനത്തിലും മറ്റുമായി ബോർഡിൽ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്നു പറയുമോ;

(ഇ) ബോർഡിൽ നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുവാൻ പടപടി സ്വീകരിക്കുമോ;

(എഫ്) കഴിഞ്ഞ നാലു വർഷത്തിനിടയിൽ ബോർഡിൽ എത്ര പേർക്ക് ഓരോ തസ്തികയിലും നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയർ — 10 (ഇലക്ട്രിക്കൽ), 3 (സിവിൽ)

ഡെപ്യൂട്ടി ചീഫ് എഞ്ചീനീയർ — 61 (ഇലക്ട്രിക്കൽ), 11 (സിവിൽ)

LIBRARY ARCHIVES Kerala Legislative Assembly